പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1902 — 01.02.2018 ൽ മറുപടിക്ക്

## കണ്ണൂർ വിമാനത്താവളം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.സി.ജോസഫ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) കണ്ണൂർ വിമാനത്താവളത്തിന്റെ നിർമ്മാണം ഏതുഘട്ടത്തിലാണെന്നും ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നുവെന്നും വെളിപ്പെടുത്തുമോ; | (എ) കണ്ണൂർ വിമാനത്താവളത്തിന്റെ റൺവെയും ഏപ്രണും (വിമാന പാർക്കിംഗ് ഏരിയ) 100% പൂർത്തിയായി. 07 RE Wall ഉം അനുബന്ധപ്രവൃത്തികളായ ചുറ്റമതിൽ, സ്റ്റാറ്റിക് വാട്ടർ ടാങ്ക്, ലോക്കലൈസർ ഹട്ട്, ലോക്കലൈസർ ആന്റിന, പെരിമീറ്റർ ലൈറ്റിംഗ്, ഇലക്ട്രിക്കൽ വർക്ക് മുതലായ പ്രവൃത്തികൾ 2018 ഫെബ്രുവരി അവസാനത്തോടു കൂടി പൂർത്തിയാകും. പാസഞ്ചർ ടെർമിനൽ ബിൽഡിംഗും അനുബന്ധ പ്രവൃത്തികളും 95% പൂർത്തിയായി. പാസഞ്ചർ ടെർമിനൽ ബിൽഡിംഗ് പ്രവൃത്തി (ടെസ്റ്റിംഗും കമ്മിഷനിംഗും ഉൾപ്പെടെ) 2018 ജനുവരി 31 നകം പൂർത്തിയാകും. |
| (ബി) ഇവിടെ നിന്നും എന്നു മുതൽ കമേഴ്സ്യൽ സർവ്വീസുകൾ ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; | (ബി) കണ്ണൂർ വിമാനത്താവളത്തിൽ നിന്നും 2018 സെപ്തംബർ മധ്യത്തോടുകൂടി കൊമേഴ്ഷ്യൽ ഓപ്പറേഷൻ ആരംഭിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (സി) ഏതെല്ലാം സ്ഥലങ്ങളിലേക്കാണ് ഒന്നാം ഘട്ടത്തിൽ സർവ്വീസ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്; | (സി) കമേഴ്സ്യൽ ഓപ്പറേഷൻ ആരംഭിക്കുന്ന കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്ന് കേന്ദ്ര ഗവൺമെന്റിന്റെ 'ഉഡാൻ' സ്കീമിൽ ഉൾപ്പെടുത്തി റീജിയണൽ സർവ്വീസ് ഉടൻ ആരംഭിക്കും. ഇൻഡിഗോ, സ്പൈസ് ജെറ്റ് മുതലായ വലിയ വിമാനക്കമ്പനികൾ തിരുവനന്തപുരം, ഗോവ, ചെന്നൈ, ബാംഗ്ലൂർ, ഹിൻഡൻ (ഗാസിയാബാദ്), കൊച്ചി, ന്യൂഡൽഹി എന്നീ നഗരങ്ങൾ ഉൾപ്പെടെ ഏകദേശം 10 ഓളം റൂട്ടുകളിലായി 20 ഓളം വിമാന സർവ്വീസുകൾ ആരംഭിക്കും. അവ സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.<br>1. ചെന്നൈയിൽ നിന്ന് കണ്ണൂരിലേയ്ക്കും തിരിച്ചും |

- സ്പൈസ് ജെറ്റ്
2.ചെന്നൈയിൽ നിന്ന് കണ്ണൂരിലേയ്ക്കും തിരിച്ചും - ഇൻഡിഗോ
3.ഹിൻഡനിൽ (ഗാസിയാബാദ്) നിന്ന് കണ്ണൂരിലേയ്ക്കും തിരിച്ചും - ഇൻഡിഗോ
4.ബാംഗ്ലൂരിൽ നിന്ന് കണ്ണൂരിലേയ്ക്കും തിരിച്ചും - സ്പൈസ് ജെറ്റ്
5. ബാംഗ്ലൂരിൽ നിന്ന് കണ്ണൂരിലേയ്ക്കും തിരിച്ചും - ഇൻഡിഗോ
6. ഹുബ്ലിയിൽ നിന്ന് കണ്ണൂരിലേയ്ക്കും തിരിച്ചും - ഇൻഡിഗോ
7.ഡൽഹിയിൽ നിന്ന് കണ്ണൂരിലേയ്ക്കും തിരിച്ചും - സ്പൈസ് ജെറ്റ്
8.ഗോവയിൽ നിന്ന് കണ്ണൂരിലേയ്ക്കും തിരിച്ചും - ഇൻഡിഗോ
9.കൊച്ചിയിൽ നിന്ന് കണ്ണൂരിലേയ്ക്കും തിരിച്ചും - ഇൻഡിഗോ
10.തിരുവനന്തപുരത്ത് നിന്ന് കണ്ണൂരിലേയ്ക്കും തിരിച്ചും - ഇൻഡിഗോ

ഇപ്പോൾ അന്താരാഷ്ട്ര വ്യോമഗതാഗത അവകാശം, 2 ഇന്ത്യൻ വിമാനകമ്പനികൾക്ക് അതായത് ജെറ്റ് എയർവേയ്സിനും, ഗോ എയറിനും കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നും യഥാക്രമം, ദമാമിലേക്കും, അബുദാബിയിലേക്കും തിരിച്ചും സർവ്വീസ് നടത്തുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. എയർ ഇന്ത്യ എക്സ്പ്രസ് ആറ് (6) പൗരസ്ത്യ രാജ്യങ്ങളിലേക്കായി 2 ഫ്ളൈറ്റുകൾ സർവ്വീസ് നടത്തുന്നതിനായി പ്ലാൻ ചെയ്തിട്ടുണ്ട്. എയർ ഇന്ത്യ, എമിറേറ്റ്സ്, ഖത്തർ എയർവേയ്സ്, ഇത്തിഹാദ്, ഒമാൻ എയർ, എയർ ഏഷ്യ, ഫ്ളൈ ദുബൈ, എയർ അറേബ്യ, ഗൾഫ് എയർ, ശ്രീലങ്കൻ എയർവേയ്സ്, ടൈഗർ എയർവേസ് മുതലായ വിമാന കമ്പനികളും കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നും സർവ്വീസ് നടത്താൻ ഉദ്ദേശിക്കുന്നുണ്ട്.

(ഡി) വിമാനത്താവളത്തിലേക്ക് ഏതെല്ലാം അനുബന്ധ റോഡുകളാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതെന്നും

(ഡി) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റോഡ് കണക്ടിവിറ്റി പാക്കേജിന് താഴെപറയുന്ന റോഡുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

1. തലശ്ശേരി-കൊട്ടുവള്ളി-മമ്പറം-അഞ്ചരക്കണ്ടി-

| | |
|---|---|
| ഗ്രീൻഫീൽഡ് റോഡിന്റെ പ്രവൃത്തി ഏതു ഘട്ടത്തിലാണെന്നും വെളിപ്പെടുത്തുമോ? | മട്ടന്നൂർ എയർപോർട്ട് റോഡ് (24.50 കി.മി)<br>2. കുറ്റ്യാടി-നാദാപുരം-പെരിങ്ങത്തൂർ-മേക്കുന്ന്-പാനൂർ-പൂക്കോട്ട്-കൂത്തുപറമ്പ്-മട്ടന്നൂർ റോഡ് (53.15 കി.മി)<br>3. മാനന്തവാടി-ബോയ്സ് ടൗൺ-പേരാവൂർ-ശിവപുരം-മട്ടന്നൂർ റോഡ് (63.50 കി.മി)<br>4. കുട്ടുപുഴപാലം-ഇരിട്ടി-മട്ടന്നൂർ-വായാന്തോട് റോഡ് (32.00 കി.മി)<br>5. മേലെ ചൊവ്വ-ചാലോട്-വായന്തോട്-മട്ടന്നൂർ-എയർപോർട്ട് റോഡ് (26.30 കി.മി)<br>6. തളിപ്പറമ്പ-ചെറക്കള-നണിശ്ശേരിക്കടവ് പാലം-മയ്യിൽ-ചാലോട് റോഡ് (27.20 കി.മി)<br>ഗ്രീൻഫീൽഡ് റോഡിന്റെ പ്രവർത്തി കേരള റോഡ് ഫണ്ട് ബോർഡ് നടത്തിയ സർവ്വേ പ്രകാരം മേലെ ചൊവ്വ മുതൽ മട്ടന്നൂർ വരെ നിലവിലുള്ള റോഡ് വികസിപ്പിക്കുന്നതിന് പകരമായി നിലവിലുള്ള മട്ടന്നൂർ-തലശ്ശേരി റോഡിൽ മട്ടന്നൂർ ജംഗ്ഷനിൽ നിന്നും 150 മീറ്റർ തെക്ക് ഭാഗത്തേക്ക് മാറി 3 കി.മീ. കുറഞ്ഞ ദൂരത്തിൽ കഴിവതും ജനവാസ കേന്ദ്രങ്ങൾ ഒഴിവാക്കികൊണ്ട് മേലെ ചൊവ്വയെ മട്ടന്നൂരുമായി ബന്ധിപ്പിക്കുന്ന വിധത്തിലാണ് ഗ്രീൻ ഫീൽഡ് റോഡ് ഉദ്ദേശിച്ചിരുന്നത്. ആയതിനു സർക്കാർ അനുമതി നൽകുകയും ചെയ്തു. 45 മീറ്റർ വീതിയിൽ കണ്ണൂരിൽ നിന്നും കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ടിലേക്കുള്ള പ്രധാന പാത ആക്കുവാനുമാണ് ഉദ്ദേശിക്കുന്നത്. |

[signature]

സെക്ഷൻ ഓഫീസർ.